(സി) പ്രസ്തുത പദ്ധതി പ്രകാരം ഈ അദ്ധ്യയന വർഷം സൈക്കോളജിസ്റ്റുകളെ നിയമിച്ചിട്ടുണ്ടോ; പദ്ധതിയിൽ എന്തെങ്കിലും മാറ്റങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

&

(ഡി) പ്രസ്തുത ഉദ്ദേശത്തോടെ മറ്റേതെങ്കിലും പദ്ധതികൂടി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; അറിയിക്കുമോ?

(സി&ഡി) സർക്കാർ കോളേജുകളിൽ ജീവനി പദ്ധതി പ്രകാരം സൈക്കോളജിസ്റ്റുകളെ നിയോഗിക്കുന്നതിനുള്ള നടപടികൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. ഈ പദ്ധതിക്ക് സമാനമായ മറ്റ് പദ്ധതികൾ തൽക്കാലം പരിഗണനയിലില്ല.

ഇകുവലൻസി സർട്ടിഫിക്കറ്റ്

99 (4487) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വിവിധ യൂണിവേഴ്സിറ്റികൾ നടത്തുന്ന കോഴ്സുകളിൽ ചിലത് കേരള യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) രാജ്യത്തെ മറ്റ് യൂണിവേഴ്സിറ്റികൾ, അന്യോന്യം അംഗീകരിച്ച കോഴ്സുകൾ പാസ്സായ വിദ്യാർത്ഥികൾക്ക് ഇകുവലൻസി സർട്ടിഫിക്കറ്റ് നിർബന്ധിക്കാത്ത സാഹചര്യത്തിൽ കേരള യൂണിവേഴ്സിറ്റി മാത്രം അതിന് നിർബന്ധിക്കുന്ന രീതി ഒഴിവാക്കേണ്ടതാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

&

(സി) എങ്കിൽ ഇത്തരം അനാവശ്യ നടപടിക്രമങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) കേരള സർവ്വകലാശാലയുടെ അക്കാദമിക് ബോഡിയുടെ തീരുമാന പ്രകാരം മറ്റ് സർവ്വകലാശാലകളിൽനിന്നും നേടിയ ഡിഗ്രികൾ കേരള സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ടെങ്കിൽ മാത്രമേ തുടർപഠനത്തിനും കേരള സർവ്വകലാശാലയുടെ കീഴിൽ വരുന്ന ഉദ്യോഗത്തിനും അംഗീകരിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാലാണ് കേരള സർവ്വകലാശാല എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നൽകിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly